തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് മലപ്പുറം - 676 502, ഫോൺ : 0494 2631230

## സംഗ്രഹം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - അക്കാദമിക് കൗൺസിൽ പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വൈസ് ചാൻസലറുടെ കാര്യാലയം

**നം. 208/2013/വി.സി.** **തീയതി, തിരൂർ, 27.08.2025**

---

പരാമർശം: 1) 17.02.2023, 27.03.2023 എന്നീ തീയതികളിലെ ഇതേ നമ്പർ സർവകലാശാല ഉത്തരവ്.

(2) 22.08.2025 ലെ ഫാക്കൽറ്റി ഡീൻമാരെ നിയമിച്ചുകൊണ്ടുള്ള 1473/ഫാക്കൽറ്റി/ 2023/വി.സി. നമ്പർ വിജ്ഞാപനം.

(3) 27.08.2025 ലെ 255/2015/വി.സി./വാല്യം II. നമ്പർ സർവകലാശാലാ ഉത്തരവ്.

(4) 09.02.2021 ലെ 250/എ1/2021/അഡ്മിൻ. നമ്പർ സർവകലാശാലാ ഉത്തരവ്.

(5) 16.08.2025 ലെ ബഹു. ചാൻസലറുടെ കാര്യാലയത്തിൽ നിന്നുള്ള KRB/802/2025-GSO5 നമ്പർ കത്ത്.

(6) വൈസ് ചാൻസലറുടെ 27.08.2025 ലെ ഉത്തരവ്.

## ഉത്തരവ്

പരാമർശം (1) പ്രകാരം, പുനഃസംഘടിപ്പിക്കപ്പെട്ട തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല അക്കാദമിക് കൗൺസിലിന്റെ കാലാവധി പൂർത്തിയായതിനാൽ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.

തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല നിയമം 2013, അദ്ധ്യായം III വകുപ്പ് 16 ഉപവകുപ്പ് (1) ൽ നിഷ്കർഷിച്ചിട്ടുള്ള വിധമായിരിക്കണം അക്കാദമിക് കൗൺസിൽ പുനഃസംഘടിപ്പിക്കേണ്ടത്.

പരാമർശം (2) പ്രകാരം, വിവിധ ഫാക്കൽറ്റികളുടെ ഡീൻമാരെ നിയമിച്ച് സർവകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

കാലാവധി പൂർത്തീകരിച്ചതിനെ തുടർന്ന് പരാമർശം (3) പ്രകാരം, ഗവേഷണ കൗൺസിൽ പുനഃസംഘടിപ്പിച്ചും സാഹിത്യരചനാസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അശോക് ഡിക്രൂസിന് പരാമർശം (4) പ്രകാരം വിദ്യാർത്ഥിക്ഷേമഡയറക്ടർ ചുമതല നൽകിക്കൊണ്ടും ഉത്തരവായിട്ടുള്ളതാണ്.

തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല നിയമം 2013, വകുപ്പ് 16 (1) 'ഐ' പ്രകാരം അക്കാദമിക് കൗൺസിൽ പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ശ്രേഷ്ഠരായ മൂന്ന് പണ്ഡിതൻമാരെ പരാമർശം (5) പ്രകാരം ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല നിയമം 2013, അദ്ധ്യായം III വകുപ്പ് 16 (1) 'എ' മുതൽ 'ഐ' വരെയുള്ള വകുപ്പുകളിൽ അനുശാസിക്കുന്നതനുസരിച്ച് താഴെപറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് അക്കാദമിക് കൗൺസിൽ പുനഃസംഘടിപ്പിക്കുവാൻ പരാമർശം (6) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

i. വൈസ് ചാൻസലർ (ചെയർപേഴ്സൺ)
ii. ഡോ. വി.ആർ. പ്രബോധചന്ദ്രൻ നായർ (ഡീൻ, മലയാളഭാഷാപഠന ഫാക്കൽറ്റി)
iii. ഡോ. എം.എം. ബഷീർ (ഡീൻ, സാഹിത്യഫാക്കൽറ്റി)
iv. ഡോ. സി.ജി. രാജേന്ദ്രബാബു (ഡീൻ, കലാഫാക്കൽറ്റി)
v. ഡോ. സുനീത ടി.വി. (ഡീൻ, പൈതൃകപഠനഫാക്കൽറ്റി)
vi. ഡോ. വി. രാജീവ് (ഡീൻ, പാരമ്പര്യവിജ്ഞാനസമ്പ്രദായഫാക്കൽറ്റി)
vii. ഡോ. എസ്. അനിൽകുമാർ (ഡീൻ, മാധ്യമഫാക്കൽറ്റി)
viii. ഡോ. കെ. ജയപ്രസാദ് (ഡീൻ, സാമൂഹ്യശാസ്ത്രഫാക്കൽറ്റി)
ix. ഡോ. (പ്രൊഫ.) എൻ. അജയകുമാർ (റിട്ട.) (ഗവേഷണ കൗൺസിൽ വൈസ് ചെയർപേഴ്സൺ)
x. ഡോ. രാഘവൻ പയ്യനാട് (ഗവേഷണ കൗൺസിൽ വൈസ് ചെയർപേഴ്സൺ)
xi. പ്രൊഫ. പ്രീതി കെ. (ഗവേഷണ കൗൺസിൽ വൈസ് ചെയർപേഴ്സൺ)
xii. വിദ്യാർത്ഥിക്ഷേമ ഡയറക്ടർ
xiii. ഡയറക്ടർ, ഭാഷാശാസ്ത്രസ്കൂൾ
xiv. ഡയറക്ടർ, സാഹിത്യപഠനസ്കൂൾ
xv. ഡയറക്ടർ, സാഹിത്യരചനാസ്കൂൾ
xvi. ഡയറക്ടർ, മാധ്യമപഠനസ്കൂൾ
xvii. ഡയറക്ടർ, ചരിത്രപഠനസ്കൂൾ
xviii. ഡയറക്ടർ, സംസ്കാരപൈതൃകപഠനസ്കൂൾ
xix. ഡയറക്ടർ, സോഷ്യോളജി സ്കൂൾ
xx. ഡയറക്ടർ, പരിസ്ഥിതിപഠനസ്കൂൾ
xxi. ഡയറക്ടർ, വികസനപഠനസ്കൂൾ
xxii. ഡയറക്ടർ, ചലച്ചിത്രപഠനസ്കൂൾ
xxiii. ഡയറക്ടർ, എഴുത്തച്ഛൻപഠനസ്കൂൾ
xxiv. രജിസ്ട്രാർ
xxv. ഡോ. ചാത്തനാത്ത് അച്യുതനുണ്ണി (പണ്ഡിതൻ)
xxvi. ഡോ. കുമുള്ളി ശിവരാമൻ (പണ്ഡിതൻ)
xxvii. ഡോ. ദിനേശൻ ഇ. (പണ്ഡിതൻ)

പുനഃസംഘടിപ്പിക്കപ്പെട്ട അക്കാദമിക് കൗൺസിൽ പത്തിൽ കുറയാത്ത പ്രഗൽഭരെ കോ-ഓപ്റ്റ് ചെയ്ത് വിപുലീകരിക്കാവുന്നതാണ്. സർവകലാശാല ലൈബ്രേറിയൻ, മ്യൂസിയം ക്യുറേറ്റർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്ന മുറയ്ക്ക് ഇവയുമായി ബന്ധപ്പെട്ട അംഗങ്ങളെ ഉൾപ്പെടുത്തി അക്കാദമിക് കൗൺസിൽ വിപുലീകരിക്കുന്നതാണ്.

പുനഃസംഘടിപ്പിക്കപ്പെട്ട അക്കാദമിക് കൗൺസിലിന്റെ പ്രവർത്തന കാലാവധി, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല നിയമം 2013, അദ്ധ്യായം IX വകുപ്പ് 56 ന് വിധേയമായിരിക്കും. കൗൺസിലിന്റെ അംഗസംഖ്യയുടെ മൂന്നിൽ ഒന്ന് (1/3) യോഗത്തിന്റെ ക്വാറം ആയിരിക്കുന്നതാണ്.

അംഗങ്ങൾക്ക നിയമാനുസൃതമായ യാത്രാപ്പടിക്കും ബത്തകൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ഇതു സംബന്ധിച്ച ചെലവുകൾ അതതു സാമ്പത്തികവർഷത്തെ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ നിന്നും വഹിക്കേണ്ടതാണ്.

മേൽപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രജിസ്ട്രാർ ഇൻ ചാർജ്

എല്ലാ അംഗങ്ങൾക്കും

പകർപ്പ്:

എല്ലാ അക്കാദമിക-ഭരണവിഭാഗങ്ങൾ/
ഡയറക്ടർ, റിസർച്ച് ഡവലപ്മെന്റ് സെൽ/
ഐ.ക്യു.എ.സി./വെബ്സൈറ്റ്/
ജെ.ഡി., കെ.എസ്.എ.ഡി. മലയാളസർവകലാശാല/
കരുതൽ രേഖ/ആഫീസ് രേഖ